LIBRARY ARCHIVES Kerala Legislative Assembly

ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ കപ്പലുകൾക്ക് ലൈസൻസ്

81 [2801] ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ കപ്പലുകൾക്ക് ലൈസൻസ് നൽകിയതിനെ തുടർന്ന് ആ ലൈസൻസ് ഉപയോഗിച്ച് നടത്തിയ മത്സ്യബന്ധനത്തിന്റെ അളവ് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രതിവർഷം എന്തു തുക വിലമതിക്കുന്ന മത്സ്യം ഈ ലൈസൻസികൾ പിടിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാരിന് ഈ ഇനത്തിൽ എന്തെങ്കിലും വരുമാനം ലഭിക്കുന്നുണ്ടോ;

(ഡി) ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ മേൽ എന്തെങ്കിലും നിയന്ത്രണമുണ്ടോ?

ഉത്തരം

(എ) പഠനം നടത്തിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) മാരിറ്റൈം സോൺ ഇന്ത്യ ആക്ടി (1981) ന്റെ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള കോസ്റ്റ് ഗാർഡിന്റെ ചുമതലയാണ്.

കടൽമണൽ ഖനനം

82 [2802] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ നിന്നും മണൽ ഖനനം ചെയ്യുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം ഇപ്പോൾ ഫിഷറീസ് വകുപ്പിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഫിഷറീസ് വകുപ്പ് കടൽമണൽ ഖനനത്തിനായി ഏതെങ്കിലും സമിതിക്ക് പുതുതായി രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ;

(സി) ഏതെല്ലാം കടൽ തീരത്താണ് മണൽ ഖനന പദ്ധതിക്ക് ആലോചിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(ഡി) കടൽമണൽ ഖനനത്തിനായി ഏതെല്ലാം ഏജൻസികളാണ് സമീപിച്ചിട്ടുണ്ടായിരുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ഉദ്ദേശിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഏജൻസികളൊന്നും സമീപിച്ചിട്ടില്ല.

ബേക്കലിൽ ഫിഷിംഗ് ഹാർബർ സ്ഥാപിക്കാൻ നടപടി

83 [2803] ശ്രീ. കെ. വി. കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ കടപ്പുറത്ത് ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഫിഷിംഗ് ഹാർബർ അനുവദിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഇല്ല.

(സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

കൊയിലാണ്ടി ഫിഷിംഗ് ഹാർബർ

84 [2804] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി ഫിഷിംഗ് ഹാർബറിനു വേണ്ടി ഈ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തു തുകയാണ് വകയിരുത്തിയിരിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly